(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

II ശദ്ധക്ഷണിക്കൽ

(1) ഒറപ്പാലം ബസ് സ്റാൻറിന്റെ നിർമ്മാണം പൂർത്തിയാകാത്തതുമൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. വി. സി. കബീർ : സർ, ഒറപ്പാലം ബസ് സ്റാൻറ്-കം-ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണത്തിനു വേണ്ട അക്വിസിഷൻ നടപടികളും 1986-ൽ പൂർത്തിയായി. 10 കൊല്ലമായിട്ടും അവിടെ ഷോപ്പിങ്-കോംപ്ലക്സും ബസ്സ്റാൻറും ജനങ്ങൾക്ക് സൗകര്യപ്രദമായിട്ടില്ലെന്ന ആക്ഷേപമാണ് ഞാൻ ഉന്നയിക്കാൻ പോകുന്നത്. 1980-ൽ ഷോപ്പിങ് കോംപ്ലക്സിന്റെ പണിയാരംഭിച്ച്, നാമമാത്രമായി ഒച്ചിന്റെ വേഗതയിൽ അതിന്റെ പ്രവർത്തനം മുന്നോട്ടു പോയി. 15,64,806 രൂപ ഈ കെട്ടിടത്തിനുവേണ്ടി ചെലവാക്കിയെന്നു ഗവൺമെൻറ് പറയുന്നു. 1984-ൽ ഈ കെട്ടിടം ഭാഗികമായി പൂർത്തിയാക്കി ഏൽപ്പിച്ചു, അത് ഇപ്പോൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ട്. എന്നാൽ ഷോപ്പിങ് കോംപ്ലക്സിന്റെ നിർമ്മാണത്തോടൊപ്പംതന്നെ ആരംഭിക്കേണ്ട ബസ്സ്റാൻറിന്റെ പണി ആരംഭിക്കാനോ എസ്റിമേറ് തയ്യാറാക്കാനോ ഗവൺമെൻറ് തയ്യാറായിട്ടില്ല. 19 ലക്ഷം രൂപയാണ് ബസ്സ്റാൻറിന്റെ നിർമ്മാണത്തിനുവേണ്ടി ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 19 ലക്ഷത്തിന്റെ 15% പഞ്ചായത്ത് ആർ. ഡി. ബി-യിൽ കെട്ടിവയ്ക്കണമെന്നാണ് എന്റെ അറിവ്, ബാക്കി 85% ആർ. ഡി. ബി. ആണ് ചെലവാക്കേണ്ടത്. 1985-ൽ തന്നെ 15% തുക ആർ. ഡി. ബി.യിൽ പഞ്ചായത്ത് കെട്ടിവച്ചിട്ടുണ്ട്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പട്ടണമാണ് ഒറപ്പാലം. 100 കണക്കിന് ബസ്സുകളും 1000 കണക്കിന് യാത്രക്കാരും നിത്യവും വന്നുചേരുന്ന ഈ പട്ടണത്തിൽ ഒരു ബസ്സ്റാൻറ് ഇല്ലാത്തതുകൊണ്ട് അവിടത്തെ ജനങ്ങൾ അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നിരവധിയാണ്. നമ്മുടെ മന്ത്രി തന്നെ ആ പ്രദേശത്ത് നിരന്തരം സമ്പർക്കം പുലർത്തുന്ന ആളാണ്. അവിടെ വന്നിറങ്ങുന്ന യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും ഒരു മിനിട്ട് തണലത്ത് നിൽക്കാൻ സൗകര്യമില്ല. അവർക്ക് പ്രാഥമികാവശ്യങ്ങൾക്ക് അവിടെ സൗകര്യമില്ല. ഇതുപോലുള്ള പ്രയാസങ്ങൾ മന്ത്രിയുടെ ശദ്ധയിൽക്കൊണ്ടുവരുന്നതിനുവേണ്ടി ജനങ്ങൾ പ്രതിഷേധപ്രകടനങ്ങളും സമരങ്ങളും, ബന്ദും ധർണ്ണയുമൊക്കെ നടത്തി, എന്നിട്ടും യാതൊരു നടപടിയും സ്വീകരിച്ചില്ല. അതുകൊണ്ടാണ് ഇത്രയും പ്രധാനപ്പെട്ട കാര്യം ഗവൺമെൻറിന്റെ ശദ്ധയിൽക്കൊണ്ടുവരുന്നത്. അതുകൊണ്ട് ഈ 19 ലക്ഷം രൂപ എസ്റിമേറിൽ നിർമ്മാണം ഉദ്ദേശിക്കുന്ന ബസ് സ്റാൻറിന് ഇപ്പോൾ P. W. D. ഷെഡ്യൂൾഡ് പുതുക്കിയതിന്റെ അടിസ്ഥാനത്തിൽ 20% കൂടി വർദ്ധിപ്പിച്ചുകൊണ്ട് അടിയന്തിരമായും ഈ ബസ് സ്റാൻറിന്റെ പണിയാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, ഒറപ്പാലം പഞ്ചായത്തിൽ ഷോപ്പിങ്, കോംപ്ലക്സ് കം-ബസ് സ്റാൻറ് 2-ാം ഘട്ടത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. 1-ാം ഘട്ടത്തിൽ ഷോപ്പിങ് കോംപ്ലക്സായിരുന്നു. അതിന്റെ പണി തീർന്നു. ഇപ്പോൾ ഉപയോഗത്തിലുമായിതീർന്നിരിക്കുകയാണ്. 2-ാം ഘട്ടമായ ബസ്സ്റാൻഡിന്റെ കാര്യം ഇപ്പോൾ ഏറ്റെടുത്തിട്ടേയുള്ളു. 1986 ജനുവരി 26-ാം തീയതി ഇതിന് ഗ്രാമവികസന ബോർഡ

LIBRARY ARCHIVES Kerala Legislative Assembly

അനുമതി നൽകി, പഞ്ചായത്തിൽ നിന്നുള്ള 15% തുക മുൻകൂർ അടയ്ക്കാൻ വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പഞ്ചായത്ത് ഈ തുക മുൻകൂർ അടക്കാൻ വേണ്ട നടപടിയെടുത്തുവരുന്നു. ഗ്രാമവികസന ബോർഡ് ഒറ്റപ്പാലം ബസ്സ്റ്റാൻറിന്റെ പണിക്ക് ടെൻഡർ വിളിച്ചുകഴിഞ്ഞു. സത്യസ്ഥിതി ഇപ്രകാരം ഇരിക്കുന്നതിനാൽ ഒറ്റപ്പാലം ബസ്-സ്റ്റാൻറിന്റെ പണി 1984-ൽ തുടങ്ങിയത് ഇപ്പോഴും നിൽക്കുന്നുയെന്നു പറയുന്നത് ശരിയല്ല.

ശ്രീ. വി. സി. കബീർ : സർ, 1986 അവസാനിക്കുന്നതിനു മുൻപ് ബസ്സ്റ്റാൻറിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ ശ്രമിക്കുമോ ?

പഞ്ചായത്തും ദേവസ്വവും വകുപ്പു മന്ത്രി (ശ്രീ. സി. എം. സുന്ദരം) : സർ, ഗവൺമെൻറിന്റെ ഭാഗത്തു നിന്ന് എത്രയും വേഗം പണിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുള്ള എല്ലാ നടപടിയും ഉണ്ടാകുന്നതാണ്.

(2) കോഴിക്കോട് റെയിൽവേ കോളനി റോഡ് തുറന്നു കിട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. എം. അബൂബക്കർ : സർ, കോഴിക്കോട് പ്രദേശത്ത് ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള ഒരു പ്രദേശമാണ് വലിയങ്ങാടിക്ക് തെക്കു ഭാഗവും കല്ലായ്പുഴക്ക് വടക്കുഭാഗവും അറബിക്കടലിനു കിഴക്കുഭാഗവും റെയിൽവേ പാലത്തിനു പടിഞ്ഞാറുഭാഗവുമായി സ്ഥിതി ചെയ്യുന്ന കുറിച്ചിറ, പള്ളിക്കണ്ടി, ഇടിയങ്ങര, മുഖത്തല തുടങ്ങിയ പ്രദേശങ്ങളും നഗരവുമായി ബന്ധപ്പെടുത്തുന്ന പ്രധാനപ്പെട്ട ഒരു റോഡാണ് ഫ്രാൻസിസ് റോഡ്. അതുപോലെ ഫ്രാൻസിസ് റോഡിൽ ഒരു റെയിൽവേ ലെവൽ ക്രോസ്സുണ്ട്. ആ റെയിൽവേ ലെവൽ ക്രോസ് തുറന്നിടുന്നതിനേക്കാളും അധികം സമയവും അടച്ചിടുകയാണ്. ആ കാരണംകൊണ്ടുതന്നെ സാധാരണ ആട്ടോറിക്ഷകളും വിളിച്ചാൽപോലും ഫ്രാൻസിസ് റോഡ് ലെവൽ ക്രോസ്സുള്ള ഭാഗത്തേക്ക് പോകാൻ തയ്യാറില്ല. ഈ സമീപ കാലത്ത് ഫ്രാൻസിസ് റോഡിൽ ലെവൽ ക്രോസ്സിനു പകരം അടിയിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി ജോലിയാരംഭിച്ചു. അതിനു ഉപമുഖ്യമന്ത്രിക്ക് നന്ദിയുണ്ട്. ഓവർബ്രിഡ്ജ് നിർമ്മാണ ജോലി ആരംഭിച്ചതോടുകൂടി ഫ്രാൻസിസ് റോഡിലുള്ള വാഹനഗതാഗതം പൂർണ്ണമായി തടയപ്പെട്ടു നഗരത്തിന്റെ മറ്റു ഭാഗങ്ങളിലേക്ക്, കല്ലായിലേക്കോ, അല്ലെങ്കിൽ വലിങ്ങാടിയിലേക്കോ പോകാൻ വളരെ ചെറിയ കുടുസ്സായ, വീതി കുറഞ്ഞ ഒരൊറ്റ റോഡ് മാത്രമാണ് ഇപ്പോഴും നിലവിലുള്ളത്. ആ റോഡിൽ തന്നെ പലപ്പോഴും ലോറികളും കാറുകളും ഇരുചക്രവാഹനങ്ങളും, എല്ലാം മണിക്കൂറുകളോളം കാത്തുകിടക്കുന്ന ഒരു പരിതഃസ്ഥിതി എപ്പോഴും കാണാൻ സാധിക്കും. ഈ ഫ്രാൻസിസ് റോഡും വലിയങ്ങാടിയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് എളുപ്പമായൊരു വഴിയുണ്ട്. കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പരിസരത്ത് റെയിൽവേ കോളനിയുടെ ഒരു റോഡ് വന്ന് റെയിൽവേ കോളനിയുടെ അറ്റത്ത് വഴിമുട്ടിനിൽക്കുന്നു. ആ സ്ഥാനത്ത് ഏതാനും ഇരുമ്പഴികളും മാത്രമുണ്ട്. ഫ്രാൻസിസ് റോഡിനോട് ബന്ധപ്പെട്ടുകൊണ്ട് മനന്തല തോടിനു സമാന്തരമായി കോർപ്പറേഷന്റെ നിയന്ത്രണത്തിലുള്ള ഒരു റോഡ്, റെയിൽവേ കോളനിയുടെ ഭാഗത്തു വന്ന് വഴി മുട്ടി നിൽക്കുന്നു. വഴിമുട്ടി നിൽക്കുന്ന റോഡുകളുടെ അകലം എത്രയുണ്ടെന്നറിയാമോ ? അങ്ങ് ഇരിക്കുന്ന സ്ഥലവും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly